# ഉയിർപ്പുകാലം
## വചന വിചിന്തനം
### ഉയിർപ്പുകാലം ആറാം ഞായർ
യോഹ 17,1-26

> "അവർക്കുവേണ്ടി മാത്രമല്ല, അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്" (യോഹ 17,20). വർഷങ്ങൾക്കുമുമ്പേ, ക്രിസ്തു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നപ്പോൾ എന്നെയും ഓർത്തിരിന്നു. എനിക്കുവേണ്ടിയും പ്രാർത്ഥിച്ചിരുന്നു...

"അങ്ങ് എന്നെ സ്നേഹിച്ചതുപോലെ തന്നെ അവരെയും സ്നേഹിച്ചുവെന്നും ലോകം അറിയട്ടെ." പിതാവ് പുത്രനെ എന്തു മാത്രം സ്നേഹിച്ചുവോ അത്രമാത്രം തന്നെ മനുഷ്യകുലത്തെയും സ്നേഹിച്ചു...

വി.യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിനെ ബന്ധിക്കുന്നതിനും അവന്റെ സഹനജീവിതം ആരംഭിക്കുന്നതിനും മുമ്പ് രേഖപ്പെടുത്തിയിരിക്കുന്ന വചനഭാഗമാണ് "ശിഷ്യൻമാർക്കുവേണ്ടി പ്രാർഥിക്കുന്നു..." എന്നത്. ശിഷ്യന്മാർക്കുവേണ്ടിയുള്ള ഈശോയുടെ പ്രാർത്ഥനയുടെ അന്തഃസത്ത അവരെ സാമ്പത്തികമായും സംസ്ക്കാരികമായും ഉയർത്തണമേ... വളർത്തണമേ... എന്നുള്ളതല്ല. മറിച്ച്, അവൻ പ്രാർത്ഥിക്കുന്നത് മൂന്ന് കാര്യങ്ങൾക്കുവേണ്ടിയാണ്;

1. ശിഷ്യന്മാരെ ദുഷ്ടനിൽനിന്ന് അവരെ കാത്തുകൊള്ളണം
2. ശിഷ്യന്മാരെ സത്യത്താൽ വിശുദ്ധീകരിക്കണം.
3. ശിഷ്യന്മാരും അവരുടെ വചനം മൂലം ദൈവത്തിൽ വിശ്വസിക്കുന്നവരും ഒന്നായിരിക്കണം... സ്നേഹത്തിൽ വളരണം...

നമ്മുടെ പ്രാർത്ഥനകളെ ക്രിസ്തുവിന്റെ പ്രാർത്ഥനകളുടെ മുന്നിൽ വച്ച് വിലയിരുത്തുന്നത് നല്ലതാണ്. ക്രിസ്തുവിന്റെ പ്രാർത്ഥനകളുടെ വിഷയങ്ങളൊന്നും നമ്മുടെ പ്രാർത്ഥനകളുടെ വിഷയമേ അല്ല. അതുപോലെതന്നെ, നമ്മുടെ പ്രാർത്ഥനകളുടെ വിഷയങ്ങളൊന്നും ക്രിസ്തുവിന്റെ പ്രാർത്ഥനകളുടെ വിഷയങ്ങളുമല്ല. ഞാൻ അനുവർത്തിക്കേണ്ടതും ജീവിതചര്യയാക്കേണ്ടതും ക്രിസ്തുവിന്റെ ജീവിതശൈലിയാണെങ്കിൽ എന്റെ പ്രാർത്ഥനകളുടെ വിഷയമാകേണ്ടതും ക്രിസ്തുവിന്റെ പ്രാർത്ഥനകളുടെ വിഷയം തന്നെയായിരിക്കണം. പലപ്പോഴും, നാം മറന്നുപോകുന്ന പ്രാർത്ഥനയുടെ വിഷയങ്ങളാണ് ക്രിസ്തുവിന്റെ പ്രാർത്ഥനയുടെ ചേരുവകകൾ. ജീവിതത്തിലും കുടുംബത്തിലും സമാധാനവും സന്തോഷവും ശ്രേയസുമാണ് ആഗ്രഹിക്കുന്നതെങ്കിൽ ക്രിസ്തുവിന്റെ പ്രാർത്ഥനാശൈലി സ്വന്തമാക്കുക.

ക്രിസ്തു താൻ ഏറെ സ്നേഹിക്കുന്ന ശിഷ്യന്മാർക്കുവേണ്ടിയും അവരിലൂടെ വചനം സ്വീകരിക്കുകയും ജീവിക്കുകയും ചെയ്യുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കുമ്പോൾ മുഴച്ചു നിൽക്കുന്ന വിഷയങ്ങൾ; "കൂട്ടായ്മയും... സ്നേഹവും..."

"അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു... അങ്ങയുടെ നാമം അവരെ ഞാൻ അറിയിച്ചു. അവിടുന്ന് എനിക്കു നൽകിയ സ്നേഹം അവരിൽ ഉണ്ടാകേണ്ടതിനും ഞാൻ അവരിൽ ആയിരിക്കേണ്ടതിനുമായി ഞാൻ ഇനിയും അത് അറിയിക്കും..." (യോഹ 17,21+26).

ക്രിസ്തീയ ജീവിതശൈലിയുടെ വലിയ പ്രത്യേകതയാണ് ക്രിസ്തുനാഥൻ തന്റെ

പ്രാർത്ഥനയുടെ മുഖമുദ്രയാക്കുന്നത്. "കൂട്ടായ്മയും, സ്നേഹവും" പരസ്പരം പൂരക ങ്ങളാണ്. കൂട്ടായ്മയുണ്ടാകണമെങ്കിൽ സ്നേഹമുണ്ടാകണം; സ്നേഹമുണ്ടാകണമെ ങ്കിൽ കൂട്ടായ്മയുണ്ടാകണം. കൂട്ടായ്മയും സ്നേഹവും ഒന്നിൽ നിന്ന് മറ്റൊന്ന് വേർത്തി രിച്ചെടുക്കാൻ സാധിക്കാത്ത വിധത്തിൽ പരസ്പരം പുരകങ്ങളായി നിൽക്കുകയാണ്. ഇതു തന്നെയായിരുന്നു ആദ്യമക്രൈസ്തവരുടെ ജീവിതശൈലിയും;

"ആദ്യ ക്രൈസ്തവസമൂഹം ഏക മനസ്സോടെ താത്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു" (അപ്പ 2,46).

എങ്കിൽ, ക്രിസ്ത്യാനി എന്ന പേരിന്റെ അർത്ഥം മറ്റുള്ളവർ മനസ്സിലാക്കേണ്ടത് നെറ്റി യിൽ 'വാൾപോസ്റ്റർ' ഒട്ടിച്ചതിന്റെ പേരിലല്ല. മറിച്ച്, കത്തോലിക്കർക്കിടയിലുള്ള കൂട്ടായ മയും സ്നേഹവും കണ്ടിട്ടാകണം. കൂട്ടായ്മയും സ്നേഹവും ക്രിസ്തുവനുയായിക ളുടെ മുഖമുദ്രയാക്കാൻ സാധിക്കണം. ഇതിനു സാധിക്കുന്നുണ്ടെങ്കിൽ ക്രിസ്തു വീണ്ടും വീണ്ടും ഈ ഭൂമിയിൽ പിറവി കൊള്ളുകയാണ്. ഇന്ന്, മനുഷ്യർക്ക് ഭൗതീകമായി ഉയരം കൂടുകയും ആത്മീയമായി ഉയരം കുറയുകയും ചെയ്യുന്നുണ്ടെങ്കിൽ അതിനുള്ള കാരണം "കൂട്ടായ്മയും സ്നേഹവും" അന്യം നിൽക്കുന്നതുകൊണ്ടാണ്. ആത്മീയമാ യിട്ടുള്ള വളർച്ച, വിശുദ്ധിയുടെ പടവുകൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ക്രിസ്തുവിന്റെ പ്രാർത്ഥന, കൂട്ടായ്മയും സ്നേഹവും ജീവിതത്തിലും കുടുംബത്തിലും നട്ടുനനച്ച് ഫലം ചൂടുക.

വിശ്വാസികളുടെ
കൂട്ടായ്മ
പിതാവ് പുത്രനിലും
പുത്രൻ പിതാവിലും
ആയിരിക്കുന്നതുപോലെ
ആയിരിക്കണം...

തമിഴ് വ്യക്തികളുടെ ജീവിത്തിൽ നിന്ന് എടുത്ത് കളയാൻ സാധിക്കാത്ത ഒരു വ്യക്തി പ്രഭാവമാണ് 'തിരുവള്ളുവർ.' അദ്ദേഹത്തിന്റെ പുസ്തകങ്ങളും പഠനങ്ങളും ആത്മീയവ ഴികളിലെന്നപ്പോലെ ധാർമ്മികവഴികളിലും പ്രകാശം സമ്മാനിക്കുന്നവയാണ്. അതുകൊ ണ്ടുതന്നെ അദ്ദേഹത്തിന്റെ പുസ്തകങ്ങൾ തമിഴ്നാട്ടിലെ എല്ലാം ക്ലാസുകളിലും പാഠ്യ വിഷയമാണ്.

ഒരിക്കൽ തിരുവള്ളുവർ തന്റെ ശിഷ്യന്മാരോട് ചോദിച്ചു;

"ഒരു താമരയുടെ ഉയരം എത്ര എന്ന്?"

ശിഷ്യന്മാർ പരസ്പരം മുഖത്തോടു മുഖം നോക്കി തല കുനിച്ചിരുന്നു. വീണ്ടും ചോദ്യം ആവർത്തിച്ചപ്പോൾ ഒരു വിരുതൻ പറഞ്ഞു;

"രണ്ടരയടി..."

തിരുവള്ളുവർ വീണ്ടും ചോദിച്ചു;

"എന്തേ, മൂന്നരടിയാകാൻ പാടില്ലേ?"

പെട്ടെന്ന് ഒരു മിടുക്കൻ ചാടിയെഴുന്നേറ്റു പറഞ്ഞു;

"തണ്ണിയോളം ഉയരം താമരയ്ക്ക്."

അതായത്, വെള്ളത്തോളം ഉയരം ഉണ്ട് താമരയ്ക്ക് എന്ന് സാരം... ഒരുപക്ഷേ, വെള്ളം രണ്ടര അടിയായിരിക്കാം, നാലടിയായിരിക്കാം, ആറടിയായിരിക്കാം, എട്ടടിയായി രിക്കാം... അങ്ങനെ പല അടികൾ. വെള്ളത്തിന്റെ ആഴത്തിന് ആശ്രയിച്ചിരിക്കും താമരയുടെ ഉയരം എർത്ഥം.

മിടുക്കനായ ശിഷ്യന്റെ ഉത്തരം കേട്ട് സംതൃപ്തനായ്. വീണ്ടും, തിരുവള്ളുവർ തന്റെ രണ്ടാമത്തെ ചോദ്യം ചോദിച്ചു;

"ഒരു മനുഷ്യന്റെ ഉയരം എത്രയാണ്?"

ശിഷ്യൻമാരുടെ ഭാഗത്ത് നിന്ന് മറുപടി ഉണ്ടാകാതിരുപ്പോൾ അദ്ദേഹം പറഞ്ഞു;

"ഓരോ മനുഷ്യന്റേയും ഉയരം അവന്റെ വിശുദ്ധിക്കും, നന്മയ്ക്കും, സ്നേഹത്തിനും, കൂട്ടായ്മയ്ക്കും, അദ്ധ്വാനത്തിനും, പ്രതീക്ഷകൾക്കും, ആഗ്രഹങ്ങൾക്കും അനുസ രിച്ചായിരിക്കും. വിശുദ്ധിയും, നന്മയും, സ്നേഹവും, കൂട്ടായ്മയും, അദ്ധ്വാനവും,

ആഗ്രഹങ്ങളും, പ്രതീക്ഷകളും കുറഞ്ഞാൽ അവന്റെ ഉയരവും കുറയും..."

നമ്മളുടെ വിശുദ്ധിയും, നന്മയും, സ്നേഹവും, കൂട്ടായ്മയും, അദ്ധ്വാനവും, പ്രതീക്ഷകളും, ആഗ്രഹങ്ങളും കുറയരുത്. ഇവയുടെ വലുപ്പക്കുറവ് മനുഷ്യന്റെ വലുപ്പ കുറവാണ്. അതുകൊണ്ടുതന്നെയാണ്, ക്രിസ്തു തന്റെ ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ, അവരിലൂടെ വചനം കേൾക്കുന്ന, വചനം ജീവിക്കുന്ന എല്ലാവരുടെയും കൂട്ടായമയ്ക്കും സ്നേഹത്തിനും വേണ്ടി പ്രാർത്ഥിക്കുന്നത്. കാരണം, കൂട്ടായമയുടെ സ്നേഹത്തിന്റെ വലുപ്പക്കുറവ് മനുഷ്യന്റെയും മനുഷ്യകുലത്തിന്റെയും വലുപ്പകുറവ് തന്നെയാണ്. അതുകൊണ്ട്, ജീവിതത്തിൽ ആവോളം പ്രതീക്ഷിക്കുക... ആഗ്രഹിക്കുക... സ്വപ്നം കാണുക... കാരണം, വിശുദ്ധിയും, നന്മയും, സ്നേഹവും, കൂട്ടായ്മയും, അദ്ധ്വാനവും, പ്രതീക്ഷകളും, ആഗ്രഹങ്ങളുമാണ് മനുഷ്യന്റെ മൂല്യം നിർണ്ണയിക്കുന്നത്. അവയാണ് നമ്മളുടെ ഉയരം തീരുമാനിക്കുത്!

"നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ 17,22). പിതാവായ ദൈവം പുത്രനായ ദൈവത്തിന് നൽകിയ മഹത്വം ദൈവപുത്രസ്ഥാനമാണ്. ഇതേ സ്ഥാനം തന്നെ പുത്രനായ ദൈവം താൻ എറെ സ്നേഹിച്ച ശിഷ്യന്മാർക്കും, അവരിലൂടെ വചനം കേൾക്കുന്ന എല്ലാവർക്കും നൽകിയിരിക്കുന്നു. എത്ര വലിയ സ്ഥാനത്തിനാണ് നാം അവകാശികളായിരിക്കുന്നത് എന്ന് നോക്കുക. ഇത്ര വലിയ സ്ഥാനം ദൈവം വച്ചുനീട്ടിയിട്ടും അതിന്റെ അർത്ഥവും മൂല്യവും മനസ്സിലാക്കാൻ നമ്മുക്ക് സാധിച്ചിട്ടുണ്ടോ? രക്ഷയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്ന നാം ദൈവപുത്രൻ സമ്മാനിച്ചിരിക്കുന്ന ദൈവപുത്രസ്ഥാനം ജീവിതത്തിലൂടെ സുരക്ഷിതമായി അലങ്കരിക്കുവാൻ നമ്മുക്ക് സാധിക്കുന്നുണ്ടോ?

"അവരുടെ വചനം മൂലം എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിക്കൂടിയാണു ഞാൻ പ്രാർഥിക്കുന്നത്..." വചനം കേൾക്കുന്നവർക്കു വേണ്ടിയല്ല, മറിച്ച്, വചനം വിശ്വസിക്കുന്നവർക്കുവേണ്ടിയാണ് ക്രിസ്തു പ്രാർത്ഥിക്കുന്നത്...

ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു... അനുഗ്രഹങ്ങൾ സമ്മാനിക്കുന്ന അനുഗ്രഹദാതവിന് അനുഗ്രഹത്തിന്റെ വിലയും പ്രസക്തിയും മനസ്സിലാകുന്നുണ്ട്. എന്നാൽ, അനുഗ്രഹങ്ങൾ സ്വന്തമാക്കുന്നവന് അതിന്റെ വിലയും പ്രസക്തിയും വേണ്ടത്ര മനസിലാകുന്നില്ല. പുത്രനായ ദൈവം സമ്മാനിച്ചിരിക്കുന്ന തന്റെ മഹത്വം, "ദൈവപുത്രസ്ഥാനം" അതിന്റെ വിലയും മഹത്വം അർത്ഥവും മനസിലാക്കി ജീവിക്കുക... സ്വർഗ്ഗം സ്വന്തമാക്കുക...

**"പുത്രനെ സ്വന്തമാക്കിയവൻ**
**ജീവനെ സ്വന്തമാക്കിയിരിക്കുന്നു.**
**ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല."**
1 യോഹ 5,12

---

ഫാ. ജോബി മേനോത്ത്
+91 9447777931